2022 ഫെബ്രുവരി 11 വെള്ളി TVM മലയാള മനോരമ

# വ്യവസായ സൗഹൃദം: സമിതി റിപ്പോർട്ട് ഈ മാസമെന്ന് മന്ത്രി

■ ശുപാർശകൾ അടിയന്തരപ്രാധാന്യത്തോടെ നടപ്പാക്കും

**രാജു മാത്യു**



പി.രാജീവ്

ദുബായ്● കേരളത്തെ വ്യവസായ സൗഹൃദമാക്കാൻ സമഗ്രപദ്ധതികൾക്ക് തുടക്കമായെന്നും ഇതു സംസ്ഥാനത്തിന്റെ വ്യവസായ ഭൂപടം മാറ്റുമെന്നും മന്ത്രി പി.രാജീവ്. ദുബായ് എക്സ്പോയിൽ കേരള പവിലിയൻ ഉദ്ഘാടനത്തോടനുബന്ധിച്ച് എത്തിയ അദ്ദേഹം മനോരമയോടു സംസാരിക്കുകയായിരുന്നു.

വ്യവസായ സൗഹൃദമല്ലാത്ത കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കുന്നതിനും ലഘൂകരിക്കുന്നതിനുമായി രൂപീകരിച്ച സമിതി ഈ മാസം അവസാനത്തോടെ റിപ്പോർട്ട് നൽകും. ശുപാർശകൾ അടിയന്തരപ്രാധാന്യത്തോടെ നടപ്പാക്കും.

സംരംഭക വർഷാചരണത്തിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളോടും ചേർന്ന് ഇന്റേൺസ് എന്നറിയപ്പെടുന്ന ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനു സിഎംഡി(സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്) നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സംരംഭകരെ ജില്ലാതലം വരെ എത്തിക്കാൻ ഇന്റേൺസ് സഹായിക്കും. 20000 രൂപ പ്രതിമാസ വേതന നിരക്കിൽ 1175 എംബിഎ, ബിടെക് ബിരുദധാരികളെയാണ് നിയമിക്കുക.

സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളോട് ചേർന്ന് ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലം ഏറ്റെടുക്കാൻ കർമപദ്ധതി തയാറായി. കൊല്ലത്തെ മീറ്റർ കമ്പനിയുടേതടക്കം സ്ഥലം എറ്റെടുത്ത് വ്യവസായ പാർക്കുകളാക്കും. സ്ഥല ലഭ്യത കൂടുതലുള്ളതിനാൽ വടക്കൻ കേരളത്തിൽ കൂടുതൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ നടപടികൾ പുരോഗമിക്കുന്നു.

വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ് കൂടുതൽ മികവോടെ വീണ്ടും പരിഷ്കരിക്കുകയാണ്(കെ-സ്വിഫ്റ്റ് 3). വ്യവസായ പാർക്കുകളിലെ സൗകര്യം വിദേശത്തിരുന്നു ത്രീഡി സംവിധാനത്തിൽ കാണാം. മൊബൈൽ ആപ്പിലേക്ക് പ്രവേശിച്ച് പൊതുജനങ്ങൾക്കും വിവരം അറിയാം.

വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെല്ലാം ചേർന്ന് കോർ കമ്മിറ്റി രൂപീകരിച്ചു. ഭൂമിയേറ്റെടുക്കൽ സംബന്ധിച്ച് ലാൻഡ് ബോർഡും രൂപീകരിച്ചു. പ്രവാസി സംരംഭകർക്ക് മാത്രമായി പ്രത്യേക സംവിധാനം രൂപീകരിക്കാനും ശ്രമിക്കുന്നുണ്ട്.

ദുബായ് സന്ദർശനത്തിന്റെ തുടർ നടപടികൾക്കു സംവിധാനം ഒരുക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.